# ബാങ്കുകൾക്കെന്തിനാണ് ലാഭം?

## തറുതല

"അല്ലാ തറുതലെ, 3 പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം 45000 കോടി രൂപയാണെന്നോ, കടം എഴുതിത്തള്ളാൻ അസറ്റ് മാനേജ്മെന്റ് എന്നൊരു കമ്പനി രൂപീകരിക്കാൻ വർമ കമ്മിറ്റി നിർദേശിച്ചെന്നോ ഒക്കെ പറയുന്നത് കേട്ടല്ലോ. കടം എഴുതിത്തള്ളാൻ എന്തിനാണ് കമ്പനി?"

എടോ നിർദോഷി, ഇപ്പോൾ എന്തു കാര്യത്തിനും കമ്മിറ്റി വേണം. അല്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണം വേണം. സർക്കാർ സ്വയമായി എറ്റെടുത്ത തീരുമാനമല്ല എന്നറിയിക്കാനാണ്. സ്വന്തം തടി രക്ഷിക്കാനും കുറ്റവാളികളായ ഉദ്യോഗസ്ഥരെയോ മറ്റു വേണ്ടപ്പെട്ടവരെയോ രക്ഷിക്കാനും റിപ്പോർട്ടുകൾ അട്ടത്ത് വയ്ക്കും. വെളിച്ചം കാണുന്നവ, ചീപ്പ് പോപ്പുലാരിറ്റിക്ക് വേണ്ടിയോ ജനങ്ങളിൽ അധികാരം അടിച്ചേല്പിക്കുന്നതിന് വേണ്ടിയോ ഒക്കെയുള്ളവരായിരിക്കും. താനെപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ഈ ബാങ്കുകൾക്കെന്തിനാണ് ലാഭം എന്ന്? വേണമെങ്കിൽ എത്രത്തോളം ആകാമെന്ന്?

"ഇല്ല. അപ്പോൾ ഇസ്ലാമിന്റെ പലിശരഹിത ബാങ്കുകളാണോ ഉദ്ദേശിക്കുന്നത്. ലാഭവും നഷ്ടവുമില്ലാത്ത ബാങ്കിംഗ്."

അല്ല, അത് പ്രായോഗികമല്ല. ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ മാത്രം ലാഭമുണ്ടാക്കുന്ന ബാങ്കിംഗ് ആണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ഓരോ ബാങ്കിന്റെയും ബാലൻസ് ഷീറ്റ് പുറപ്പെടുവിക്കുമ്പോൾ എത്രയോ കോടികളുടെ ലാഭമാണ് കാണുന്നത്. ഇതൊക്കെ ആരാണ് തിന്നുന്നത്? ഇവരെ തീറ്റിപ്പോറ്റുന്നത് ആരാണ്? അപ്പനപ്പൂപ്പന്മാരായിട്ട് കുറച്ച് സ്വന്തപ്പെട്ടവരെ പങ്കുകാരാക്കി ഒരു ബാങ്കിന്റെ ആസ്തി തല്ലിപ്പടച്ചുണ്ടാക്കും. പിന്നെ പിൻതലമുറക്കാർക്ക് കല്പാന്തകാലത്തോളം സ്ഥിരവരുമാനമായി.

"മുതൽമുടക്കുന്നവന് ലാഭം വേണ്ടെന്നാണോ പറയുന്നത്?"

എടോ, നിർദോഷി, അടിസ്ഥാന മുതൽമുടക്കുകൊണ്ട് ഒരു ബാങ്ക് പ്രവർത്തിക്ക്യോ? നാഷണൽ കയിലോൺ ബാങ്ക് എങ്ങിനെയാണ് പൊട്ടീത്? നിക്ഷേപകർ ഒറ്റയടിക്ക് പണം പിൻവലിച്ചു! നമ്മളാണ് ബാങ്കിനെ നിലനിർത്തുന്നത്. നിക്ഷേപകരും വായ്പാന്വേഷികളുമില്ലെങ്കിൽ ബാങ്കിംഗില്ല.

"ഇത് രണ്ടും ഉണ്ടായിട്ടും പാലാ സെൻട്രൽ ബാങ്കും പൊട്ടിപ്പോയി."

ആദായമില്ലാത്ത തരിശുഭൂമികൾ, ഇടിഞ്ഞുവീഴാറായ കെട്ടിടങ്ങൾ ഇവയൊക്കെ ഈടായി എടുത്ത് അമിത വില കണക്കാക്കി ബോർഡംഗങ്ങളും സ്വന്തക്കാർക്ക് കൊടുത്ത വായ്പകൾ തിരിച്ചടയ്ക്കാതായപ്പോൾ പൊട്ടിപ്പോയതാണ്. അപ്പോൾ നഷ്ടം വന്നത് നിക്ഷേപകനാണ്. ഇപ്പോൾ 45000 കോടി എഴുതിത്തള്ളുമ്പോൾ നഷ്ടപ്പെടുന്നത് പൊതുജനത്തിനാണ്. മെച്ചം കിട്ടുന്നതോ വൻകിട വ്യവസായികൾക്കും പൊതുമേഖലാ വ്യവസായങ്ങൾ ധൂർത്തടിച്ച ചെയർമാൻമാർക്കും, അവരുടെ ശിങ്കിടികൾക്കും. ഇവന്മാരെയൊക്കെ പിടിച്ച് കൂട്ടിലിടുന്നതിനുപകരം രക്ഷിക്കാനുള്ള കമ്മിറ്റികളെയാണുണ്ടാക്കുന്നത്.

"ബാങ്കിംഗ് എങ്ങനെ നടത്തണമെന്നാ അഭിപ്രായം."

കസ്റ്റോഡിയന്മാരോ ചെയർമാനോ ഇല്ലാത്ത ബാങ്കിംഗ് ജീവനക്കാരുടെ ശമ്പളത്തിനും ബാങ്കിന്റെ നിലനില്പിന്റെ ചിലവുകൾക്കും മാത്രം ലാഭമുണ്ടാക്കുന്ന ബാങ്കിംഗ്. ലാഭം വന്നാൽ നിക്ഷേപകനും സഹായിക്കപ്പെട്ടവനും ഒരുപോലെ ഡിവിഡന്റ് കൊടുക്കുന്ന ബാങ്കിംഗ്.

"എന്നാലും ഒരു നാഥൻ?"

നിർദോഷിക്കറിയോ, കേരളത്തിലെ ഒരു ഷെഡ്യൂൾഡ് ബാങ്കിന്റെ ചെയർമാൻ അനുഭവിക്കുന്ന സുഖങ്ങൾ! അറിയില്ലെങ്കിൽ കേട്ടോളൂ. താമസത്തിന് ഒന്നാംതരം വീട്. പതിനഞ്ച് ലക്ഷമെങ്കിലും വിലവരുന്ന കാറ്. വീടിനു മുന്നിൽ പൂന്തോട്ടവും പുൽത്തടവും. ഒരു പാറാവുകാരൻ നിർബന്ധം. വീടിന്റെ വാടക, പെട്രോൾ ചെലവ്, വണ്ടിയുടെ സാരഥി എല്ലാം ബാങ്കിന്റെ കണക്കിൽ. ബാങ്കിന്റെ ആവശ്യങ്ങൾക്ക് ദീർഘദൂരയാത്രയ്ക്ക് തീവണ്ടിയിലെയും വിമാനത്തിലെയും ഉയർന്ന ക്ലാസുകൾ ഉപയോഗിക്കാം. ഭക്ഷണം പഞ്ചനക്ഷത്രങ്ങളിൽ. ബാങ്കിന്റെ ആഢ്യത്വത്തിന് കുറവുവരാൻ പാടില്ല. കാണുന്നവരിലും കേൾക്കുന്നവരിലും ബാങ്കിന്റെ മതിപ്പ് കുറയാതിരിക്കാനാണ് ഇവയൊക്കെയെന്ന് പറയുന്നുണ്ടെങ്കിലും സുഖം നുണയുന്നത് ചെയർമാൻതന്നെയാണ്. ഇതിനൊക്കെപുറമെ യാത്രാപ്പടിയുണ്ട്. ഇഷ്ടപ്പെട്ട ആസ്പത്രികളിൽ കുടുംബാംഗങ്ങൾക്കും വൈദ്യസഹായവും 50000-നു പുറത്തുള്ള മാസശമ്പളവും അതിനടുത്ത ഡിഎയും പ്രോവിഡന്റ് ഫണ്ടും സന്തോഷത്തോടെ സ്വീകരിക്കണം. ഇതുപോലുള്ള നാഥന്മാർ വേണോ?

നിക്ഷേപകരിൽനിന്നും ജീവനക്കാരിൽനിന്നും ഓരോ വർഷവും തെരഞ്ഞെടുപ്പെടുന്ന ഭരണസമിതി. ഓരോ യോഗവും ഭരണ സമിതിയംഗങ്ങളിൽനിന്നും അപ്പപ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന അധ്യക്ഷനാൽ നിയന്ത്രിക്കപ്പെടുന്നു. ഈ രീതി ഭരിക്കുന്നവർക്ക് സമത്വബോധവും രാഷ്ട്രീയാതീത കാഴ്ചപ്പാടും ഉണ്ടാക്കും.

ഒരു നാഥൻ ഒരു ദിവസത്തേക്കു മാത്രം. ഓരോ ബാങ്കും ഓരോ സ്വതന്ത്ര യൂണിറ്റാകണം. ബ്രാഞ്ചുകളില്ല, ഹെഡോഫീസുകളില്ല. ജീവനക്കാർ എല്ലാവരും ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നവരായിരിക്കണം. ഇന്ന് അറ്റൻഡർ ആയിരിക്കുന്നവൻ നാളെ കാഷ്യർ ആകണം. ആരും ആരെയും ഭരിക്കുന്നില്ല. അഞ്ചുമണിക്കുമുമ്പ് ചേരുന്ന ജീവനക്കാരുടെ കൗൺസിൽ പിറ്റേ ദിവസത്തെ ഭരണക്കാരെ നിശ്ചയിക്കുന്നു. സ്ഥാപനം നിലനില്ക്കേണ്ടത് നിക്ഷേപകന്റെയും ജീവനക്കാരന്റെയും സഹായാർത്ഥിയുടെയും ആവശ്യമായി മാറുന്നു.

"കൊള്ളാം, കൊള്ളാം ഇനി അടുത്ത മാസം കാണാം."

പിപ്പി